LIBRARY ARCHIVES Kerala Legislative Assembly

കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള ഇളവുകൾ

342 (1786) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു പഞ്ചായത്തു പരിധിയിൽ രണ്ടര സെന്റ് മാത്രം സ്ഥലമുള്ള അപേക്ഷകർക്ക് സ്വന്തമായി താമസിക്കുന്നതിന് വീട് നിർമ്മിക്കുന്നതിനായി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ എന്തെല്ലാം ഇളവുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തിൽ വീടു പണിയുന്ന ഒരാൾ നിർബന്ധമായി പാലിക്കേണ്ട നിബന്ധനകൾ എന്തെല്ലാമെന്നും അവർക്ക് നൽകിയിട്ടുള്ള ഇളവുകൾ എന്തെല്ലാമെന്നും ഇനംതിരിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ) രണ്ടര സെന്റ് മാത്രമുള്ള പ്ലോട്ടിൽ വീട് നിർമ്മിക്കുന്നതിന് പ്രത്യേക വ്യവസ്ഥകൾ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ പ്രതിപാദിക്കുന്നില്ല. എന്നാൽ മൂന്നര സെന്റിൽ അധികരിക്കാത്ത വിസ്തൃതിയിലുള്ള പ്ലോട്ടിൽ 3 നിലകൾവരെയുള്ള വീട് നിർമ്മാണത്തിനുള്ള ലഘൂകൃത വ്യവസ്ഥകൾ കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം VIII-ൽ പ്രതിപാദിയ്ക്കുന്നുണ്ട്.

(ബി) അദ്ധ്യായം VIII-ലെ വ്യവസ്ഥകൾ പ്രകാരം വീട് നിർമ്മിക്കുന്നതിന് അനുവദനീയമായ നിലകൾ മുന്നും സ്റ്റെയർ റൂമും ആയിരിക്കും. നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ, ജില്ലാ റോഡുകൾ, ഗ്രാമപഞ്ചായത്ത് നോട്ടിഫൈ ചെയ്ത റോഡുകൾ എന്നിവ ഒഴികെയുള്ള സ്ട്രീറ്റിനോടു ചേർന്നുള്ള പ്ലോട്ടതിരിൽ നിന്നും കെട്ടിടത്തിലേക്കുള്ള ദൂരം കുറഞ്ഞത് 2 മീറ്റർ മതിയാകും. എന്നാൽ ഡവലപ്പ്മെന്റ് പ്ലാൻ, മറ്റു ചട്ടങ്ങൾ/ബൈലോകൾ എന്നിവ പ്രകാരമുള്ള സ്ട്രീറ്റ് അലൈൻമെന്റ്/ബിൽഡിംഗ് ലൈൻ തുടങ്ങിയ നിയന്ത്രണങ്ങൾ ബാധകമാണ്. വീടിന്റെ ഫ്രണ്ട് യാർഡ് കുറഞ്ഞത് 1.8 മീറ്റർ മതിയാകും. പ്ലോട്ടിന്റെ പ്രത്യേക ആകൃതി പ്രകാരം ഇതിന് സാദ്ധ്യമാകാത്ത പക്ഷം, പ്രസ്തുത ഫ്രണ്ട് യാർഡിന് ആവറേജ് 1.8 മീറ്റർ വീതിയും, എന്നാൽ ഏതൊരു പോയിന്റിലും കുറഞ്ഞത് 1.2 മീറ്റർ വീതിയും ഉണ്ടായിരുന്നാൽ മതിയാകും. വീടിന്റെ റിയർ സൈഡിൽ ആവറേജ് 1 മീറ്ററും കുറഞ്ഞത് 0.5 മീറ്ററും വീതിയുണ്ടായാൽ മതിയാകും. വീടിന്റെ ഒരു വശത്ത് ഇത് 0.9 മീറ്ററും മറുവശത്ത് 0.6 മീറ്ററും വീതിയിൽ സെറ്റ് ബാക്ക് ഉണ്ടായിരിക്കണം. 2.0 മീറ്ററിൽ കൂടുതൽ

ഉയരത്തിൽ വെന്റിലേറ്റർ ഒഴികെ മറ്റ് ഇറപ്പുകൾ പ്രസ്തുത 0.6 മീറ്റർ സെറ്റ് ബാക്ക് നിഷ്കർഷിക്കുന്ന വശത്ത് ഉണ്ടായിരിക്കാൻ പാടില്ല. എന്നാൽ വീതി 0.9 മീറ്റർ ഉള്ള പക്ഷം അവിടെ ഇറപ്പുകൾ അനുവദനീയമാണ്. 0.9 മീറ്റർ വീതിയുള്ള വശം അല്ലാത്ത ഒരു വശത്തെ ഇറന്ന സ്ഥലം ആ വശത്ത് യാതൊരു രീതിയിലുമുള്ള ഇറക്കലും ഇല്ലാതിരിക്കുകയും ആ വശത്തെ പ്ലോട്ടടമ സ്വമേധയാ രേഖാമൂലം അത് സമ്മതിക്കുകയും ചെയ്യുന്ന പക്ഷം ആ വശത്തെ ഇറന്ന സ്ഥലം ചുരുക്കുകയോ കെട്ടിടം പ്ലോട്ടതിരിനോട് ചേർത്തു കെട്ടുകയോ ചെയ്യാവുന്നതാണ്. തറവിസ്തീർണ്ണ അനുപാതം, കവറേജ്, റോഡിന്റെ കേന്ദ്ര രേഖയിൽ നിന്നുള്ള അകലം, പ്രവേശനമാർഗ്ഗ വീതി, റോഡിന്റെ വീതിയും റോഡിനോടുചേർന്നുള്ള പറമ്പിന്റെയും കാര്യത്തിലുള്ള പൊക്ക നിയന്ത്രണം, കാർ പാർക്കിംഗ്, കെട്ടിട ഭാഗങ്ങളുടെയും വെളിച്ചത്തിന്റെയും വെന്റിലേഷന്റെയും അളവുകൾ എന്നിവ സംബന്ധിക്കുന്ന വ്യവസ്ഥകൾ ഇത്തരത്തിലുള്ള കെട്ടിടങ്ങൾക്ക് ബാധകമല്ല.

വാർഡ് വിഭജനത്തിനായി ഡി-ലിമിറ്റേഷൻ കമ്മീഷൻ നടപടികൾ

343 (1787) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാർഡ് വിഭജനത്തിനായി ഡി-ലിമിറ്റേഷൻ കമ്മീഷൻ നടപടി ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രവർത്തന പുരോഗതി വിശദമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച് നടന്നിട്ടുള്ള യോഗങ്ങളുടെയും കൂടിയാലോചനകളുടെയും വിശദാംശം വ്യക്തമാക്കാമോ ; ഓരോ ജില്ലയിലും നടന്നിട്ടുള്ള പ്രവർത്തനങ്ങളും നടപടികളും വിശദമാക്കാമോ ;

(സി) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലും നഗരസഭയിലും ഈ വിഷയം സംബന്ധിച്ച് നടന്നിട്ടുള്ള നടപടികളുടെയും കൂടിയാലോചനകളുടെയും വിശദാശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി & സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly